**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5557** **13-08-2021 - ൽ മറുപടിയ്ക്ക്**

**കണ്ടൽവനങ്ങളുടെ വിസ്തൃതി കൂട്ടാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ വനവല്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ടൽവനങ്ങളുടെ വിസ്തൃതി കൂട്ടുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) | കണ്ടൽക്കാട്ടുകൾ സംരക്ഷിക്കുന്നതിനായി കേന്ദ്ര സഹായത്തോടെ Conservation and Management of Mangroves (60% CSS) in Vembanad and Kannur regions എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയ്ക്ക് പുറമെ സർക്കാർ അധീനതയിലുള്ള 1541 ഏക്കർ കണ്ടൽ പ്രദേശങ്ങൾ റിസർവ്വ് ഫോറസ്റ്റായി വിജ്ഞാപനം ചെയ്ത് സംരക്ഷിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. റീ-ബിൽഡ് കേരള സ്കീമിൽ ഉൾപ്പെടുത്തി സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള കണ്ടൽ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന പദ്ധതി പുരോഗമിയ്ക്കുകയാണ്. കണ്ടൽത്തൈകൾ ഉല്പാദിപ്പിച്ച് പൊതുജനങ്ങൾ വഴിയും സന്നദ്ധ സംഘടനകൾ വഴിയും നട്ടുപിടിപ്പിക്കുകയും ചെയ്തുവരുന്നു. സ.ഉ.(സാധാ)നം.485/16/വനം, തീയതി 24/12/16 സർക്കാർ ഉത്തരവ് പ്രകാരം സ്വകാര്യവ്യക്തികളുടെ കൈവശമുള്ള കണ്ടൽക്കാട്ടുകൾ സംരക്ഷിക്കുന്നതിന് ഏക്കറിന് 4000/- രൂപാ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതിയും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ